## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 828 28.04.2017 -ൽ മറുപടിക്ക്**

**കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രോജക്ട്**

**ചോദ്യം** — **ഉത്തരം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**,, അടൂർ പ്രകാശ്**
**,, വി.ടി.ബൽറാം**
**,, എം. വിൻസെന്റ്**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രോജക്ടുകളിലെ നിലിവിലുള്ള പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(എ) KSTP രണ്ടാംഘട്ടത്തിൽ റോഡ് പുനർ നിർമ്മാണ വിഭാഗത്തിൽ താഴെ വിവരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.

**പാക്കേജ് I**

കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ടൗണിലെ 2 കി.മീറ്റർ ഭാഗത്തെ ഇലക്ട്രിക്കൽ കേബിൾ മാറ്റുന്നതിനുള്ള സാങ്കേതിക തടസ്സം കാരണം, പ്രസ്തുത ഭാഗം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. ഈ പ്രവൃത്തിയുടെ അടങ്കൽ തുക 133.65 കോടി രൂപയാണ്.

**പാക്കേജ് II**

പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ) - 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലവും, രാമപുരം പാലത്തിന്റെ അപ്രോച്ച്, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ ടാറിംഗ് ഉൾപ്പടെ 5 കി.മീറ്റർ ടാറിംഗ് ഒഴിച്ചുള്ള റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 118.20 കോടി രൂപയാണ്.

**പാക്കേജ് III A**

തലശ്ശേരി - കളറോഡ് റോഡ് (28.8 കി.മീ) - ഈ പ്രവൃത്തി 31.05.2016 ന് ആരംഭിച്ചു. 6% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30.05.2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ

അടങ്കൽ തുക 154.59 കോടി രൂപയാണ്.

**പാക്കേജ് III B**

കളറോഡ് - വളവുപാറ റോഡ് (25.2 കി.മീ) - ഈ പ്രവൃത്തി 10.06.2016 ന് ആരംഭിച്ചു. 11% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 25.09.2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 209.58 കോടി രൂപയാണ്.

**പാക്കേജ് IV**

ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.8 കി.മീ) - 68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധിയായ 24.11.2017 നുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അടങ്കൽ തുക 293.58 കോടി രൂപയാണ്.

**പാക്കേജ് IV A**

തിരുവല്ല ബൈപ്പാസ് (2.3 കി.മീ) - 61% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടി വന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. പ്രവൃത്തിയുടെ അടങ്കൽ തുക 31.80 കോടി രൂപയാണ്.

**പാക്കേജ് V**

ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ( 40.96 കി.മീ) - 64% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.പൂർത്തീകരണ കാലാവധി 27.10.2017 ആണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 171.49 കോടി രൂപയാണ്.

**പാക്കേജ് VI**

പൊൻകുന്നം - തൊടുപുഴ (50 കി.മീ) - 99% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 227.13 കോടി രൂപയാണ്.

**പാക്കേജ് VII**

പെരിമ്പിലാവ് - പെരിന്തൽമണ്ണ (41 കി.മീ) - ഉപരിതലം പുതുക്കൽ 2017 മാർച്ചിൽ പൂർത്തീകരിച്ചു.

**പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി**

പുനലൂർ - പൊൻകുന്നം റോഡ് - പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിന് ലോകബാങ്കിന്റെ അംഗീകാരം കിട്ടിയതിനു ശേഷം ആനിറ്റി ക്ഷണിക്കുന്നതാണ്.

റോഡ് സുരക്ഷാ നടത്തിപ്പിന്റെ ഭാഗമായി കഴക്കൂട്ടം - അടൂർ (80 കി.മീ) മോഡൽ സുരക്ഷാ റോഡ് പദ്ധതി 28.12.2016 ൽ ആരംഭിച്ചു. പൂർത്തീകരണ കാലാവധി 27.04.2018 ആണ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 148.22 കോടി രൂപയാണ്. ഈ പദ്ധതിയിൽപ്പെടുത്തി തകരാറിലായ ഏനാത്ത് പാലത്തിന്റെ ഭാഗീക പുനർ നിർമ്മാണം പുരോഗമിച്ചു വരുന്നു. കരസേന ബെയ്ലി പാലം നിർമ്മിക്കുന്നതിന് വേണ്ടുന്ന പണികളും പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരവും MoRTH സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിന്റെ നിബന്ധന പ്രകാരം ഈ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരെഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പു വരുത്തിയതിനു ശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനു ശേഷവും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻ തന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധനയ്ക്ക് കൺസൾട്ടന്റ് എഞ്ചിനീയർ മേൽനോട്ടം വഹിക്കുന്നുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തു ന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തു ന്നതിനും പ്രാഗത്ഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിനുമുള്ള ദർഘാസ് നടപടികളും പുരോഗമിച്ചു വരുന്നു.

(സി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

(സി) യഥാസമയം അവലോകന യോഗം കൂടി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, കോൺട്രാക്ടർക്കും കൺസൾട്ടന്റ് എഞ്ചിനീ-

യർക്കും, കെ.എസ്.ടി.പി എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നുണ്ട്. പ്രവൃത്തികളുടെ പുരോഗമനത്തിനുള്ള തടസ്സങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**